പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4247 — 19. 10. 2011 ലെ മറുപടിക്ക്

'ഒഡെപെക്' വഴി നിയമനം ലഭിച്ചവർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ നിലവിൽ വന്നശേഷം ' ഒഡെപെക് ' വിദേശങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും എത്ര പേരെ ജോലിക്ക് നിയമിച്ചു ; | (എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഒഡെപെക് വഴി 60 പേർക്ക് വിദേശത്ത് ജോലി ലഭിച്ചു. 'ഒഡെപെക്' ഇപ്പോൾ വിദേശ റിക്രൂട്ട്മെന്റ് മാത്രമാണ് ചെയ്യുന്നത്. ഇന്ത്യയ്ക്കകത്തുള്ള ഒഴിവുകളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ (Online Registration ഉൾപ്പെടെ) സ്വീകരിച്ചു വരുന്നു. കാലതാമസം കൂടാതെ ഇന്ത്യയ്ക്കകത്തുള്ള റിക്രൂട്ട്മെന്റ് ആരംഭിക്കുന്നതാണ്. |
| (ബി) ഒഡെപെക് വഴി വിദേശത്ത് ജോലി ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | (ബി) ഒഡെപെക് വഴി വിദേശത്ത് ജോലി ലഭിക്കുന്നതിനുള്ള മാനദണ്ഡം തൊഴിൽ ദാതാവാണ് നിശ്ചയിക്കുന്നത്. തൊഴിൽദാതാവ് നിർദ്ദേശിക്കുന്ന വിദ്യാഭ്യാസം, തൊഴിൽ പരിചയം, വയസ്സ് മുതലായവ ഉള്ള ഉദ്യോഗാർത്ഥികളുടെ ബയോഡേറ്റ തൊഴിൽ ദാതാവിന് അയച്ചുകൊടുക്കുന്നു. ആ ബയോഡേറ്റാകൾ പരിശോധിച്ചശേഷം ഇന്റർവ്യൂവിന് പങ്കെടുപ്പിക്കാൻ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ പേര് തൊഴിൽ ദാതാവ് ഒഡെപെകിന് നൽകുന്നു. അവരെയാണ് ഇന്റർവ്യൂവിന് വിളിക്കുന്നതും തൊഴിൽ ദാതാവ് നേരിട്ട് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നതും. |

| | |
|---|---|
| (സി) ഒഡെപെകിന്റെ ഡാറ്റാബാങ്കിൽ ഇപ്പോൾ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; യോഗ്യത തിരിച്ച് വ്യക്തമാക്കാമോ? | (സി) ഒഡെപെകിന്റെ ഡേറ്റാബാങ്കിൽ 14373 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. യോഗ്യത അനുസരിച്ച് ഓരോ തസ്തികയിലും പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിവരം അനുബന്ധ മായി ക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| DOCTORS | 121 |
| ENGINEERS | 1182 |
| NURSES | 9154 |
| PARAMEDICALS | 1236 |
| TECHNICIANS | 362 |
| SKILLED WORKERS | 938 |
| ADMINISTRATIVE STAFF | 737 |
| CATERING STAFF | 198 |
| TEACHERS | 159 |
| UNSKILLED WORKERS | 176 |
| DRIVERS/OTHERS | 110 |
| TOTAL | 14373 |

Section Officer